## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4284** **18-03-2025 - ൽ മറുപടിയ്ക്ക്**

## വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സെമിനാറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളും നടപടികളും യുവതലമുറയിലേയ്ക്ക് നേരിട്ടെത്തിക്കുന്നതിനും യുവതലമുറയെ വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കായി വ്യവസായ വകുപ്പിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ചു കൊണ്ട് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (എ) | ഉണ്ട്, യുവതലമുറകളിലെ വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വികസിപ്പിച്ചെടുക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ് എന്ന പദ്ധതി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ (സ്കൂളുകൾ, കോളേജുകൾ, സാങ്കേതിക സ്ഥാപനങ്ങൾ) വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തുക, സംരംഭക സൃഷ്ടിയിൽ സംഭാവന നൽകുന്നതിനുള്ള നൈപുണ്യം, സാങ്കേതിക വിദ്യകൾ, ആത്മവിശ്വാസം തുടങ്ങിയവ ഉറപ്പുവരുത്തുക തുടങ്ങിയ ഉദ്ദേശത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്). സംരംഭകരെന്ന നിലയിൽ നേരിട്ട് അല്ലെങ്കിൽ പരോക്ഷമായി അവരെ സജ്ജരാക്കുക എന്നതാണ് സംരംഭകത്വ വികസന ക്ലബ്ബുകളിലൂടെ ലക്ഷ്യമിടുന്നത്.<br><br>സാങ്കേതിക സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ വിദ്യാർഥികളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവ മുഖേന സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുമുള്ള സാമ്പത്തിക സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നല്കി വരുന്നു.<br><br>നിലവിലുള്ള ഇ.ഡി ക്ലബ്ബുകളുടെ മാർഗ നിർദേശങ്ങളിൽ ഭേദഗതി വരുത്തി പുതിയ മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ആയതു പ്രകാരം സംരംഭകത്വ വികസന ക്ലബ് (ഇഡി ക്ലബ്) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ ഫലപ്രദമായി കൈവരിക്കുന്നതിനായി ക്ലബ്ബുകളെ ബിഗിനർ, ഇന്റർമീഡിയറ്റ്, അഡ്വാൻസ്ഡ് എന്നിങ്ങനെ മൂന്ന് |

തലങ്ങളിലായി തരംതിരിച്ചുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. ഹൈസ്കൂൾ, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ബിഗിനർ തലത്തിലും, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളി ടെക്നിക്കുകൾ, ഐ ടി ഐ എന്നിവ ഇന്റർമീഡിയറ്റ് തലത്തിലും ആർട്സ് & സയൻസ്, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോളേജുകൾ അഡ്വാൻസ്ഡ് തലത്തിലും ഉൾപ്പെടുത്തി വ്യത്യസ്തങ്ങളായ പരിശീലന ക്രമങ്ങളാണ് രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്.

സംരംഭകത്വ വികസന ക്ലബ്ബുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുവാനുള്ള സാമ്പത്തിക സഹായവും വ്യവസായ വകുപ്പ് നൽകുന്നതാണ്. ഈ തുകകൾ വിനിയോഗിച്ച് വിവിധ സംരംഭകത്വ വികസന പരിപാടികൾ നടപ്പിലാക്കാൻ കഴിയും. ഇത് കൂടാതെ ഇഡി ക്ലബ്ബുകളിലെ അംഗങ്ങൾക്ക് അവർ വിഭാവനം ചെയ്ത സംരംഭക ആശയം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കൂടി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

വ്യവസായ വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും നടപടികളും യുവതലമുറയിലേയ്ക്ക് നേരിട്ടെത്തിക്കുന്നതിനും യുവതലമുറയെ വ്യവസായ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും സർക്കാർ വിദ്യാഭ്യാസ മേഖലയിൽ ക്യാമ്പസ് അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി കൂടി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന അനുയോജ്യമായ ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നമ്പർ 16/2024/വ്യവ തീയതി 29/2/24 പ്രകാരം നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് വ്യവസായ പാർക്കുകളുടെ പ്രവർത്തന

| | | | |
|---|---|---|---|
| | | | ങ്ങളിൽ വിദ്യാർത്ഥികളെ/ ഫാക്കൽറ്റികളെ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും നൽകുന്നത് സംബന്ധിച്ചും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണന ഉണ്ടാകും. വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ പഠനം പൂർത്തിയാക്കി പോകുന്ന വിദ്യാർത്ഥികൾക്ക് apprenticeship/internship നുള്ള അവസരം നൽകി അവർക്ക് വ്യക്തിപരമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ